# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2708 14.12.2015-ൽ മറുപടിക്ക്

### കടമക്കുടി ശുദ്ധജല വിതരണ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എസ്.ശർമ്മ : | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ. ജിഡ ഫണ്ട് ഉപയോഗിച്ച് കടമക്കുടിയിൽ നടന്നുവരുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി കാലതാമസ്സം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ. | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി. പ്രസ്തുത കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ; | ബി സി & ഡി | പിഴല വാട്ടർ ടാങ്കിന്റെ പൈൽ ഫൗണ്ടേഷന്റെ പണി കരാറുകാരൻ പൂർത്തീകരിച്ചു. ജിഡ ഫണ്ട് ഉപയോഗിച്ച് കടമക്കുടിയിൽ നടന്ന് വരുന്ന ശുദ്ധജല വിതരണ പദ്ധതിയ്ക്ക് 1688 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് തദ്ദേശ സ്വയം ഭരണ വകുപ്പ് നൽകിയിരിക്കുന്നത്. എന്നാൽ പദ്ധതി നടന്നു കൊണ്ടിരിക്കെ ചെലവ് ഈ തുകയേക്കാൾ കൂടുതലാകുമെന്നതിനാൽ 3100 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ സമർപ്പിക്കുകയും ആയത് ധനകാര്യ വകുപ്പ് പരിശോധിച്ചു വരികയുമാണ്. പുതുക്കിയ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് അംഗീകാരം നൽകുന്ന മുറയ്ക്ക് പണി പുനരാരംഭിക്കുവാൻ കഴിയുന്നതാണ്. |
| സി. പദ്ധതി നടപ്പാക്കുന്നതിന് കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ; | | |
| ഡി. പ്രവൃത്തി എന്നത്തേക്ക് പുനരാരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ